**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2201** **11-10-2021 - ൽ മറുപടിയ്ക്ക്**

**സിവിൽ സപ്ലൈസ് ഷോപ്പുകൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിലനിലവാരം പിടിച്ചുനിർത്തുന്നതിൽ സിവിൽ സപ്ലൈസ് ഷോപ്പുകൾ വഹിക്കുന്ന പ്രാധാന്യം കണക്കിലെടുത്ത് കൂടുതൽ ഷോപ്പുകൾ ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് വിലനിലവാരം പിടിച്ചുനിർത്തുന്ന നടപടികളുടെ ഭാഗമായി കൂടുതൽ സപ്ലൈകോ വിൽപ്പനശാലകൾ അനുവദിച്ചു വരുന്നുണ്ട്. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുറഞ്ഞ വാടകയ്ക്കോ/ വാടക രഹിതമായോ അനുയോജ്യമായ കെട്ടിടങ്ങൾ കണ്ടെത്തി നൽകുന്ന മുറയ്ക്ക് വിപണന സാധ്യത, ജീവനക്കാരുടെ ലഭ്യത എന്നിവ കണക്കിലെടുത്താണ് പുതിയ സപ്ലൈകോ വിൽപ്പനശാലകൾ അനുവദിക്കുന്നത്. അനുയോജ്യമായ സ്ഥലസൗകര്യം ലഭ്യമായാൽ (കുറഞ്ഞത് 700 ച.അടി) പ്രതിമാസ വിൽപ്പന സാധ്യത വിലയിരുത്തി പ്രവർത്തന നഷ്ടം ഒഴിവാക്കാമെന്ന് ഉറപ്പുവരുത്തി മാത്രമാണ് പുതിയ വിൽപ്പനശാലകൾ അനുവദിക്കുന്നത്. ഇതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാർ അധികാരത്തിലിരുന്ന കാലഘട്ടത്തിൽ 102 വിൽപ്പനശാലകൾ പുതിയതായി ആരംഭിച്ചിരുന്നു. ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ആദിച്ചനല്ലൂരിൽ ഒരു മാവേലി സൂപ്പർ മാർക്കറ്റും കുറ്റ്യാടിയിൽ ഒരു മാവേലി മെഡിക്കൽ സ്റ്റോറും ആരംഭിച്ചു. കൂടാതെ 17 മാവേലി സ്റ്റോറുകൾ അപ്ഗ്രേഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കാർഷികവിഭവങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ സംഭരിച്ച് അതാത് മേഖലയിൽ സിവിൽ സപ്ലൈസ് ഷോപ്പുകൾ വഴി വിലകുറച്ച് നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | കാർഷിക വിഭവങ്ങൾ പ്രാദേശിക തലത്തിൽ സംഭരിച്ച് മൂല്യവർധിത ഉല്പന്നങ്ങളാക്കി സിവിൽ സപ്ലൈസ് ഷോപ്പുകൾ വഴി വിപണനം ചെയ്യുന്നതിനുള്ള ഒരു പദ്ധതി പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ